പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 6439 — 8-11-2016 ൽ മറുപടിക്ക്

**ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി മണ്ഡലത്തിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | **ശ്രീ. പിണറായി വിജയൻ** (ബഹു. മുഖ്യമന്ത്രി) |
| (എ) 2014-15 ൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി മണ്ഡലത്തിൽ 80 സ്ഥലത്ത് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് വ്യവസായ വകുപ്പിന്റെ കീഴിലുള്ള കൊല്ലത്തെ കേരള ഇലക്ട്രിക്കൽ ആന്റ് അലൈയ്ഡ് കമ്പനി ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇവ സമയബന്ധിതമായി മുഴുവനായും സ്ഥാപിക്കുകയോ സ്ഥാപിച്ചവയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) യും (സി) യും മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി ആസ്തി വികസന ഫണ്ടിൽ നിന്നും ലഭിക്കേണ്ട അഡ്വാൻസ് തുക നാളിതുവരെ ലഭിച്ചിട്ടില്ല. എങ്കിലും കമ്പനിയുടെ ഫണ്ടിൽ നിന്നും മേൽപ്പറഞ്ഞവയിൽ 63 എണ്ണം സ്ഥാപിച്ചിട്ടുണ്ട്. ഇതിന് വൈദ്യുതി കണക്ഷൻ നൽകുന്നതിന് വൈദ്യുതി ബോർഡിന്റെ അനുമതിയും അതിനായി ഫീസും അടയ്ക്കേണ്ടതായിട്ടുണ്ട്. അഡ്വാൻസ് തുക ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതി ബോർഡിൽ ഫീസ് അടച്ച് അനുമതി വാങ്ങി മിനിമാസ്റ്റ് ലൈറ്റിന് വൈദ്യുതി കണക്ഷൻ നൽകുന്നതാണ് ; ശേഷിച്ചവ ഉടൻ തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) മിനിമാസ്റ്റ് ലൈറ്റ് അടിയന്തരമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ